# Siraj
# 30 July 2018
# Idukki; Mullaperiyar; Security Measures Will be Tightened

## മുല്ലപ്പെരിയാർ; സുരക്ഷ നടപടികൾ കൂടുതൽ ശക്തമാക്കും

ഇടുക്കി: മുല്ലപ്പെരിയാർ അണക്കെട്ട് തുറന്നുവിടുന്ന സാഹചര്യമുണ്ടായാൽ തീരദേശത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ എല്ലാം കൂടുതൽ ശക്തമാക്കുമെന്നും ആരും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജില്ലാകളക്ടർ കെ.ജീവൻ ബാബു പറഞ്ഞു. ഡാം തുറന്നുവിടുന്ന സാഹചര്യമുണ്ടായാൽ കൂടുതൽ ശക്തിപ്പെടുത്തേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ച് വണ്ടിപ്പെരിയാർ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വെള്ളം 142 അടിയിൽ എത്തിയാലാണ് ഡാം തുറക്കുക. 136 അടിയിൽ എത്തുമ്പോഴാണ് ആദ്യ ജാഗ്രതാ നിർദേശം പുറപ്പെടുവിക്കുക. തുടർന്ന് ഓരോ അടി ഉയരുമ്പോഴും ഇതുസംബന്ധിച്ച മുന്നറിയിപ്പുകൾ നൽകും. മഴ ശക്തമായി തുടരുകയും നീരൊഴുക്ക് കൂടുകയും ചെയ്താൽ മാത്രമേ ഡാം തുറക്കേണ്ട സാഹചര്യമുള്ളൂ. മുന്നറിയിപ്പ് നൽകിയശേഷമേ ഡാം തുറക്കുന്ന സാഹചര്യമുണ്ടാകൂ എന്നും ഇതുസംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ജനങ്ങളിൽ യഥാസമയം എത്തിക്കുമെന്നും ഊഹാപോഹങ്ങളിൽ വിശ്വസിക്കരുതെന്നും കളക്ടർ പറഞ്ഞു സോഷ്യൽ മീഡിയയിലൂടെയുള്ള വ്യാജ പ്രചരണങ്ങളിൽ ആശങ്കാകുലരാകേണ്ട ആവശ്യമില്ല.

വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനങ്ങൾക്ക് ആർ.ഡി.ഒ എം.പി വിനോദിനെ ചുമതലപ്പെടുത്തി. ജില്ലാ കളക്ടർ, ആർ.ഡി.ഒ എന്നിവരുടെ അറിവോടെ മാത്രമേ ഉദ്യോഗസ്ഥരോ പഞ്ചായത്തോ ഔദ്യോഗികമായി മുന്നറിയിപ്പ് സന്ദേശം നൽകാവൂ എന്നും കളക്ടർ പറഞ്ഞു. മുല്ലപ്പെരിയാർ ഡാമിൽ നിന്ന് വെള്ളം തുറന്നുവിട്ടാൽ ബാധിക്കുന്ന കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും വിശദാംശങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ശേഖരിച്ചിട്ടുണ്ട്. ഇതുപ്രകാരം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വാർഡ് തല യോഗങ്ങൾ ചേർന്ന് ആളുകളെ വിശദാംശങ്ങൾ ധരിപ്പിക്കും. ഇതിനുമുന്നോടിയായി എല്ലാ പഞ്ചായത്തുകളിലും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് കാര്യങ്ങൾ അടുത്തദിവസം മുതൽ വിശദീകരിക്കും.

പ്രദേശത്ത് കത്താത്ത ലൈറ്റുകളുടെയും അവ സ്വന്തം നിലയിൽ പുനസ്ഥാപിക്കാവുന്നതിന്റെയും പട്ടിക ഇന്ന് വൈകിട്ട് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാ കളക്ടർക്ക് നൽകും. സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റേണ്ടിവന്നാൽ അവരെ പാർപ്പിക്കാനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവിടെ അവർക്കുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തും. ആളുകളെ ഒഴിപ്പിക്കാനുള്ള എല്ലാ വഴികളും ഗതാഗത ക്ഷമമാക്കും. ഒഴിപ്പിക്കേണ്ടിവന്നാൽ നടക്കാൻ വയ്യാത്തവരെയും പ്രായമായവരെയും കുട്ടികളെയും ആദ്യം ഒഴിപ്പിക്കും. മുന്നൊരുക്കങ്ങളുടെ ഭാഗമായി എല്ലാ വില്ലേജുകളിലും കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ ചെക്ക് ഡാമുകൾ മൈനർ ഇറിഗേഷൻ, റവന്യൂ, പഞ്ചായത്ത്, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സംഘം നേരിട്ട് പരിശോധിക്കും. അപകടാവസ്ഥയിലുള്ളത് ഒഴികെയുള്ള ചെക്ക് ഡാമുകൾ അനുമതിയോടെ മാത്രമേ തുറന്നുവിടുകയുള്ളൂ.

പകർച്ച വ്യാധികൾ പടരാതിരിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഉടൻ വിളിക്കുമെന്നും കളക്ടർ പറഞ്ഞു. വണ്ടിപ്പെരിയാറിലെ കമ്യൂണിറ്റി സെന്ററിൽ വെള്ളം കയറാൻ സാധ്യത ഉള്ളതുകൊണ്ട് പകരം കെട്ടിടം കണ്ടെത്തിയാൽ മാറ്റി സ്ഥാപിക്കാൻ അനുമതി ലഭ്യമാക്കും. പ്രദേശത്തെ എല്ലാ ആംബുലൻസുകളുടെയും പട്ടിക ഡ്രൈവർമാരുടെ ഫോൺനമ്പർ സഹിതം തയ്യാറാക്കി നൽകാൻ ആർ ടി ഒ യെ ചുമതലപ്പെടുത്തി. തോട്ടം മേഖലയിലെ എല്ലാ റോഡുകളും തുറന്നിടണമെന്ന നിർദേശം നൽകാൻ ആർ ഡി ഒ യെ ചുമതലപ്പെടുത്തി. വിസമ്മതിക്കുന്നവരുടെ റോഡുകൾ ബലമായി തുറക്കേണ്ട സാഹചര്യം വന്നാൽ നടപടി സ്വീകരിക്കുമെന്നും കളക്ടർ പറഞ്ഞു. യോഗത്തിൽ അഡ്വ. ജോയ്സ് ജോർജ് എം പി, ഇ എസ് ബിജിമോൾ എം എൽ എ, ആർ ഡി ഒ എം പി വിനോദ്, പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ പങ്കെടുത്തു.



*മുല്ലപ്പെരിയാർ ഡാം തുറന്നുവിടുന്ന സാഹചര്യമുണ്ടായാൽ കൂടുതൽ ശക്തിപ്പെടുത്തേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ച് വണ്ടിപ്പെരിയാർ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്തയോഗത്തിൽ ജില്ലാ കളക്ടർ കെ.ജീവൻബാബു സംസാരിക്കുന്നു.*